"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം- തടവുകാരുടെ അകാലവിട്ടുതൽ- C No. 07/22 സക്കീർ ഹുസൈൻ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.121/2025/HOME തീയതി,തിരുവനന്തപുരം, 12-07-2025

---

പരാമർശം:-
1. സ.ഉ. (പി) നം. 89/2014/ആഭ്യന്തരം തീയതി 06.05.2014
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസിന്റെ 12.09.2024 തീയതിയിലെ WP1 — 20828/2024/PrHQ നമ്പർ കത്ത്.

**ഉത്തരവ്**

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിലെ സെക്ഷൻ 77 പ്രകാരവും 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 462, 463 എന്നിവ പ്രകാരവും തടവുകാരുടെ അകാലവിട്ടുതലിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതിനായി ഓരോ സെൻട്രൽ ജയിലിലും, തുറന്ന ജയിലിലും, വനിതാ ജയിലും, ഹൈ സെക്യൂരിറ്റി ജയിലിലും ജയിൽ ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 09.08.2024 തീയതിയിൽ ചേർന്ന ജയിൽ ഉപദേശകസമിതി 4 തടവുകാരെ അകാലവിട്ടുതലിന് ശിപാർശ ചെയ്യുകയുണ്ടായി. യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസ് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 161 പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും, 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ C No. 07/22 സക്കീർ ഹുസൈൻ എന്ന അന്തേവാസിയുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ബഹു.ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള ,തിരുവനന്തപുരം .

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം (കേസ് ഫയൽ സഹിതം)
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ, മലപ്പുറം
പൊതുഭരണ (എസ്.സി) വകുപ്പ് (12.02.2025 ലെ ഇനം നമ്പർ 2700 പ്രകാരം)
നിയമവകുപ്പ് (04.12.2024 ലെ OPN-E1/570/2024-LAW പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, ഐ&പി.ആർ.വകുപ്പ്
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Kavitha S
Date: 14-07-2025 09:37:01
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-02-2025

(49)

ഫയൽ നം. ബി1/336/2024/ആഭ്യന്തരം. ഇനം നം: 2700

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 09.08.2024-ൽ കൂടിയ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

13/2

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

40

2700

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/336/2024/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തര വകുപ്പ് – ജയിലുകൾ- 09.08.2024 ൽ കൂടിയ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത് -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09.01.2025 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല |
| (ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി ദീപ ശിവദാസൻ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.01.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07.02.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.02.2025 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

41) 09.08.2024 ൽ കൂടിയ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

42) 2) 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമത്തിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാല വിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 09.08.2024 ന് യോഗം ചേർന്ന് 04 തടവുകാർക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.

43) 3) ശിപാർശ ചെയ്യപ്പെട്ട തടവുകാരുടെ കേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.:-

**1. സി.നം. 02/22 ശശി S/o കുമാരൻ , വയസ്സ് 57/24**

ഭാര്യ ഓമനയുടെ ചാരിത്ര്യത്തിൽ സംശയിച്ച് 22.03.2007 ന് ശശി ടിയാളെ കിണറ്റിൽ തള്ളി ഇടുകയും ടിയാനും കൂടെ കിണറ്റിൽ ചാടി കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുകയും ചെയ്തു.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 31.12.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 31.12.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു .സെഷൻസ് കോടതി, ബാൽക്കൻ ഡിവിഷൻ , II | എസ്.സി.നം. 438/2007 , തീയതി: 21.01.2008 | 1.ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും | 16 വർഷം 07 മാസം 17 ദിവസം | 20 വർഷം 01 മാസം 06 ദിവസം |

| | | | | | |
|---|---|---|---|---|---|
| | അഡീഷണൽ സെഷൻസ് ജഡ്ജ്, പാലക്കാട് | | 25000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം കഠിന തടവ്. | | |
| 2 | ബഹു. ഹൈക്കോടതി | സി .ആർ .എൽ.എ.നം. 1230/2008 തീയതി: 19.09.2012 | കീഴ്ക്കോടതി വിധിച്ച ശിക്ഷ ശരിവച്ചുകൊണ്ട് അപ്പീൽ നിരസിച്ചു. | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | പ്രതികൂലം (21.03.2024) |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം (06.04.2024) |

**ഉപദേശക സമിതിയുടെ ശിപാർശ**

31.07.2024 തീയതിയിൽ ടിയാൻ 17 വർഷം 02 മാസം 17 ദിവസം യഥാർത്ഥ ശിക്ഷയും ഇളവ് ഉൾപ്പെടെ 20 വർഷം 09 മാസം 04 ദിവസവും പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൻ പതിവായി സാധാരണ അവധിയിൽ പോയിവരുന്നുണ്ട്. ജയിലിനുള്ളിലെ ടിയാന്റെ പെരുമാറ്റം തൃപ്തികരമാണ്. 2023 ലെ ആദ്യ ഘട്ടത്തിൽ ചേർന്ന ജയിൽ ഉപദേശക സമിതി ടിയാന്റെ വിട്ടുതലിന് ശുപാർശ ചെയ്തു. പോലീസ് റിപ്പോർട്ട് ടിയാന്റെ വിട്ടുതലിനെ പ്രതികൂലമാണെങ്കിലും, ടി റിപ്പോർട്ടിന്റെ എട്ടാം ഖണ്ഡികയിൽ ടിയാൻ കുറ്റകൃത്യം ആവർത്തിക്കാൻ സാധ്യതയില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ടിയാന്റെ പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമാണ്.

**<u>2.സി.നം . 07/22 സക്കീർ ഹുസൈൻ @ മനു S/0 മുഹമ്മദ്, വയസ്സ്: 52/24</u>**

ഷാജി @ കുട്ടനെ കൊലപ്പെടുത്തുക എന്ന പൊതുവായ ഉദ്ദേശത്തോടെ 30.10.2005 ന്, ടിയാനുൾപ്പെടെയുള്ള അഞ്ച് പ്രതികളും നിയമവിരുദ്ധമായി സംഘം ചേർന്ന് കത്തികൊണ്ട് വയറ്റിൽ കുത്തി, പരിക്കേല്പിച്ച് കൊലപ്പെടുത്തുകയാണ് ഉണ്ടായത്.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 31.12.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 31.12.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു .അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് ജഡ്ജ്, (അഡ്ഹോക്ക്) നം. II മഞ്ചേരി | എസ്.സി.നം. 66/2008 , തീയതി: 22.04.2009 | 1.ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 10,000/- രൂപ പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കഠിന തടവ്. | 14 വർഷം 02 മാസം 14 ദിവസം | 19 വർഷം 03 മാസം 11 ദിവസം |
| 2 | ബഹു. ഹൈക്കോടതി | സി .ആർ .എൽ.എ.നം. 353/2010 തീയതി: 21.07.2014 | കീഴ്ക്കോടതി വിധിച്ച ശിക്ഷ ശരിവച്ചുകൊണ്ട് അപ്പീൽ നിരസിച്ചു. | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | പ്രതികൂലം (25.06.2024) |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം (26.03.2024) |

**ഉപദേശക സമിതിയുടെ ശിപാർശ**

31.07.2024 തീയതിയിൽ ടിയാൻ 14 വർഷം 09 മാസം 14 ദിവസം യഥാർത്ഥ ശിക്ഷയും ഇളവ് ഉൾപ്പെടെ 19 വർഷം 11 മാസം 09 ദിവസവും പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൻ പതിവായി സാധാരണ അവധിയിൽ പോകാറുണ്ട്. ജയിലിനുള്ളിലെ ടിയാന്റെ പെരുമാറ്റം തൃപ്തികരമാണ്. പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമാണ്.

**3.സി.നം.23/22 കെ.റ്റി തോമസ് s/o തോമസ് , വയസ്സ് 70/24**

കുടുംബ വഴക്കിനെ തുടർന്ന്, 16.05.2003 ന് തോമസ് ഭാര്യ മേരിയുടെ തലയിലും ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലും കൊടുവാൾ കൊണ്ട് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ടിയാൾ മരണപ്പെടുകയും ചെയ്തു.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 31.12.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 31.12.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു .അഡീഷണൽ സെഷൻസ് ജഡ്ജ്, ഫാസ്റ്റ് ട്രാക്ക് കോടതി നം. III പാലക്കാട് | എസ്.സി.നം. 661/2005, തീയതി: 16.01.2007 | 1.ഇന്ത്യൻ ശിക്ഷാ നിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവ്. | 16 വർഷം 05 മാസം 21 ദിവസം | 21 വർഷം 04 മാസം 03 ദിവസം |
| 2 | ബഹു. ഹൈക്കോടതി | സി .ആർ .എൽ.എ.നം. 997/2007 | കീഴ്ക്കോടതി വിധിച്ച ശിക്ഷ ശരിവച്ചുകൊണ്ട് അപ്പീൽ നിരസിച്ചു. | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | പ്രതികൂലം (25.03.2024) |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം (21.05.2024) |

## ഉപദേശക സമിതിയുടെ ശിപാർശ

31.07.2024 തീയതി പ്രകാരം 17 വർഷം 21 ദിവസം യഥാർത്ഥ ശിക്ഷയും ഇളവ് ഉൾപ്പെടെ 21 വർഷം 02 മാസം, 01 ദിവസവും പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൻ സാധാരണ അവധിയിൽ പതിവായി പോവുകയും മകനോടൊപ്പം താമസിക്കാറുമുണ്ട്. ടിയാന് ഹൃദയ സംബന്ധമായ അസുഖമുണ്ട്. ജയിലിലെ പെരുമാറ്റം തൃപ്തികരമാണ്. 2023 ലെ ആദ്യ ഘട്ടത്തിൽ ചേർന്ന ജയിൽ ഉപദേശക സമിതി ടിയാന്റെ വിട്ടുതൽ ശുപാർശ ചെയ്തു. പോലീസ് റിപ്പോർട്ട് ടിയാന്റെ വിട്ടുതലിന് എതിരായിരുന്നെങ്കിലും, അകാലത്തിൽ വിട്ടയച്ചാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ലെന്ന് പ്രസ്തുത റിപ്പോർട്ട് പറയുന്നു. പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമാണ്. ബഹു. കേരള ഹൈക്കോടതി, WP(CRL.) നമ്പർ 475/2024 ലെ 23.07.2024 ലെ വിധിന്യായത്തിൽ ടിയാന്റെ അകാല വിട്ടുതൽ പരിഗണിക്കാൻ നിർദ്ദേശിച്ചിരുന്നു.

**4. സി.നം.198/22 സുരേഷ് s/o കൃഷ്ണൻ , വയസ്സ് :60/24**

28.07.2019 ന് സുരേഷ് ശ്രീമതി. ശാന്തയുടെ വീട്ടിൽ അതിക്രമിച്ച് കയറി കത്തി ഉപയോഗിച്ച് ടിയാളെ ഗുരുതരമായി പരിക്കേൽപ്പിച്ചു.

**ശിക്ഷ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം. | കോടതി | കേസ് നമ്പരും വിധിന്യായത്തിന്റെ തീയതിയും | ശിക്ഷ | 31.12.2023 ൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷ | 31.12.2023 ൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷ |
|---|---|---|---|---|---|
| 1 | ബഹു .അഡീഷണൽ സെഷൻസ് .കോടതി, ഒറ്റപ്പാലം | എസ്.സി.നം. 55/2020, തീയതി: 17.02.2021 | 1.ഇന്ത്യൻ ശിക്ഷാ നിയമം 452 വകുപ്പ് പ്രകാരം 5 വർഷം കഠിന തടവും 25,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം വെറും തടവ് | 04 വർഷം 05 മാസം 08 ദിവസം | 04 വർഷം 09 മാസം 08 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | | 2. ഇന്ത്യൻ ശിക്ഷാ നിയമം 326 വകുപ്പ് പ്രകാരം 7 വർഷം കഠിന തടവും 25,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം വെറും തടവ്<br><br>3. ഇന്ത്യൻ ശിക്ഷാ നിയമം 307 വകുപ്പ് പ്രകാരം 7 വർഷം കഠിന തടവും 25,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം വെറും തടവ് | | |

**റിപ്പോർട്ടുകൾ**

| | |
|---|---|
| **പോലീസ്** | പ്രതികൂലം (05.06.2024) |
| **പ്രൊബേഷൻ ഓഫീസർ** | അനുകൂലം (10.06.2024) |

**ഉപദേശക സമിതിയുടെ ശിപാർശ**

31.07.2024 തീയതി പ്രകാരം 05 വർഷം 08 ദിവസവും ശിക്ഷാ ഇളവ് ഉൾപ്പെടെ 05 വർഷം 05 മാസം 02 ദിവസവും പൂർത്തിയാക്കിയ ടിയാന് 60 വയസ്സ് തികഞ്ഞു. കുടുംബാംഗങ്ങൾ ടിയാന്റെ വിട്ടുതൽ അനുകൂലിക്കുന്നു. ജയിലിലെ ടിയാന്റെ പെരുമാറ്റം തൃപ്തികരമാണ്. പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമാണ്.

44) 4) നിയമവകുപ്പുമായി കൂടിയാലോചിച്ചപ്പോൾ ഇപ്രകാരം അഭിപ്രായപ്പെട്ടു ;

1) This file deals with the premature release, ordinary leave, remission of prisoners on recommendation of Jail Advisory committee of Central Prison and Correctional Home, Thavanur held on 31.07.2024 (09.08.2024).

2) This Department has examined the recommendation of the Jail Advisory Board with all case files thoroughly. On the basis of a thorough

examination of the details regarding the prisoners available in the file, the Administrative Department may be informed as follows:

3) Section 77 of the THE KERALA PRISONS AND CORRECTIONAL SERVICES (MANAGEMENT) ACT, 2010 confers Government the power of granting premature release to prisoners either suo moto or on the recommendation of the Advisory Committee. As per rule 462 of Kerala Prison and Correctional Services (Management) Rules, 2014 Jail Advisory Committees were constituted in each Central Prison, Open Prison, High Security Prison to make recommendation for the premature release of prisoners. The Advisory Committee, Central Prison and Correctional Home, Thavanur held on 31.07.2024 recommended 4 prisoners for granting premature release, 2 prisoner for granting ordinary leave and 1 prisoner for granting Set off.

1. C No. 02/22 Sasi S/o Kumaran , Age 57/24

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that the accused, due to Suspicious of his wife's chastity, Sasi intentionally pushed his wife Omana into the well on 22.03.2007 and he also jumped into the well along with her and strangulated her to death. He was the accused in SC.No.438/2007 of the Sessions Court Balkan Division, II-Addl.Sessions Judge Palakkad and was convicted and sentenced to RI for life and a fine Rs.25000/- i/d RI | The District Probation Officer, Palakkad recommended for his release. But the Police Report is adverse. Jail Advisory Board recommended his release.<br><br>As per sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishments provided by law, such person shall not be released |

| | |
|---|---|
| for 6 months u/s 302 of IPC vide judgment dated 21.01.2008. Sentences shall run consecutively. Set off allowed<br><br>The judgment of the convicting Court was confirmed and the appeal was dismissed by the High Court vide Judgment in Crl.Appeal No.1230/2008 dated 19.09.2012 | from prison unless he had undergone atleast 14 years of imprisonment. He has undergone actual imprisonment of 17 years, 02 months and 17 days as on 31.07.2024.<br><br>Since the prisoner has completed the minimum period stipulated by section 475 of BNSS, there is no legal impediment in his premature release. |

2.C.No.07/22 Sakkeer Hussain @ Manu s/o Muhammed, Age:52/24

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that On 30.10.05 the accused 5 in number formed themselves into an unlawful assembly on the road in front of the toddy shop at Panthapally in prosecution of common object of committing murder of deceased Shaji @ Kuttan stabbed on his abdomen with a knife and in that the deceased sustained serious injuries. While undergoing treatment from the Medical college hospital, Kozhikode he succumbed to the injuries. | The District Probation Officer, Malappuram recommended for his release. But the Police Report is adverse. Jail Advisory Board recommended his release.<br><br>As per sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the punishments provided by law, such person shall not be released from prison unless he had undergone atleast 14 years of imprisonment. |

| | |
|---|---|
| He was the 1st accused in SC.No.66/2008 of the Addl. Distict&Sessions Court, (Adhoc) No – II, Manjeri and was convicted and sentenced to Imprisonment for Life and a fine Rs.10,000/- i/d RI for 01 year u/s 302 of IPC vide judgment dated 22.04.2009. Set off allowed on commutation of sentence.<br><br>The judgment of the convicting Court was confirmed and the appeal was dismissed by the High Court vide Judgment in Crl.Appeal No.353/2010 dated 21.07.2014. | The prisoner has undergone actual imprisonment of 14 years, 09 months and 14 days as on 31.07.2024<br><br>Since the prisoner has completed the minimum period stipulated by section 475 of BNSS, there is no legal impediment in his premature release. |

3.C.No.23/22 K.T.Thomas s/o Thomas , Age 70/24

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that On the morning of 16.05.2003, following a family quarrel, with the intention of killing his wife Mary, Thomas inflicted severe injuries on the back of her head with a koduval and inflicted injuries on other parts of the body, as a result of which Mary died.<br><br>He was the accused in | The District Probation Officer, Malappuram recommended for his release. But the Police Report is adverse. Jail Advisory Board recommended his release.<br><br>As per sec. 475 of BNSS where a sentence of imprisonment for life is imposed on conviction of a person for an offence for which |

| | |
|---|---|
| SC.No.661/2005 of the Addl. Sessions Judge Fast Track Court-III, Palakkad and was convicted and sentenced to Imprisonment for Life and u/s 302 of IPC vide judgment No.661/2005 dated 16.01.2007. Set of for a period from 19/05/2003 to 7/11/03 and 16/01/2007 to 18/01/07 are allowed in case of remission or commutation of sentence.<br><br>The judgment of the convicting Court was confirmed and the appeal was dismissed by the High Court vide Judgment in Crl.Appeal No.997/2007. (judgement not submitted with the file) | death is one of the punishments provided by law, such person shall not be released from prison unless he had undergone atleast 14 years of imprisonment. The prisoner has undergone actual imprisonment of 17 years, 21 days as on 31.07.2024.<br><br>The judgment of Appeal Court is not available. Hence it is not clear whether there is any stipulation in the convicting court judgment against his release. A/D may verify the same. Subject to this there is no legal impediment in his premature release. |

4. C.No.198/22 Suresh S/o Krishnan, Age :60/24

| Details of conviction | Reasons for Recommendation |
|---|---|
| The Prosecution case is that on 28.07.2019 Suresh trespassed into the house bearing No.IV/227 of Vaniamkulam panchayat owned by Santha and attacked her with a billhook and she was sustained grievous injuries.<br><br>He was the accused in | The District Probation Officer, Thrissur recommended for his release. But the Police Report is adverse. Jail Advisory Board recommended his release.<br><br>Rule 464(1)(v) of Kerala Prisons and Correctional Services |

| | |
|---|---|
| SC.No.55/2020 of the Addl. Sessions Court, Ottappalam and was convicted and sentenced to Imprisonment for 05 years and a fine of Rs.25000/- i/d SI for 6 months u/s 452 of IPC and RI for 07 years and a fine of Rs.25000/- i/d SI for 6 months u/s 326 of IPC & RI for 07 years and a fine of Rs.25000/- i/d SI for 6 months u/s 307 of IPC. The sentences shall run concurrently. Set off allowed. | Management Rules, 2014, provides that male and youth prisoners who are not habitual offenders but who are convicted for a period more than one year but not sentenced to life imprisonment shall be considered for premature release when they have completed half of the substantive sentence including all types of remission. But in the case of prisoners who are convicted for a period of one year only, the minimum period insisted to be undergone before premature release is one year including all types of remission. He has undergone actual imprisonment of 05 years and 8 days as on 31.07.2024<br><br>Since the prisoner has completed the minimum period stipulated by Rule 464(1)(v) of Kerala Prisons and Correctional Services Management Rules, 2014, there is no legal impediment in his premature release. |

45) 5) നിയമ വകുപ്പ് ചൂണ്ടികാണിച്ച സി.നം. 23/22 കെ.റ്റി. തോമസ് എന്ന തടവുകാരന്റെ ഹൈക്കോടതി വിധി ലഭ്യമായിട്ടുണ്ട്. കീഴ്ക്കോടതി വിധിച്ച ശിക്ഷ ശരിവച്ചുകൊണ്ട് ബഹു.കോടതി അപ്പീൽ നിരസിക്കുകയാണുണ്ടായത്.

46) 6) തടവുകാർക്ക് അകാല വിടുതൽ അനുവദിക്കുന്നതിനുള്ള 09.08.2024 – ൽ കൂടിയ തവനൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ മന്ത്രിസഭാ യോഗത്തിന് മുൻപാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

47) 1. തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 09.08.2024 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമ വകുപ്പിന്റെ ഉപദേശവും പരിഗണിച്ച് ഭരണഘടനയുടെ 161–ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണ്‍കളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും താഴെ പറയുന്ന 04 തടവുകാരുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1.സി.നം. 02/22 ശശി S/o കുമാരൻ

2.സി.നം.07/22 സക്കീർ ഹുസൈൻ S/o മുഹമ്മദ്

3.സി.നം. 23/22 കെ.റ്റി. തോമസ് S/o തോമസ്

4. സി.നം. 198/22 സുരേഷ് S/o കൃഷ്ണൻ

അല്ലെങ്കിൽ

48) 2. 1.സി.നം.02/22 ശശി S/o കുമാരൻ, 2.സി.നം. 23/22 കെ.റ്റി. തോമസ് S/o തോമസ് എന്നിവർ സ്ത്രീകളായ ഇരകളെ അതിക്രൂരമായി കൊലപ്പെടുത്തിയ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതിനാലും സി.നം. 198/22 സുരേഷ് S/o കൃഷ്ണൻ സ്ത്രീയായ ഇരയെ മൃഗീയമായി ആക്രമിച്ച കുറ്റത്തിന് ശിക്ഷിക്കപ്പെട്ടതിനാലും അകാല വിടുതൽ അനുവദിക്കണമെന്ന 09.08.2024 ൽ കൂടിയ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഉപദേശക സമിതിയുടെ ശിപാർശ നിരസിക്കാവുന്നതും ഭരണഘടനയുടെ 161–ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന

അധികാരങ്ങൾ വിനിയോഗിച്ച്, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായി സി.നം.07/22 സക്കീർ ഹുസൈൻ S/o മുഹമ്മദ് എന്ന തടവുകാരന്റെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?